## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

07/07/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6059

### കുടുംബശ്രീ സാമ്പത്തിക സാക്ഷരതാ പ്രചരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. കെ. ശിവദാസൻ നായർ: | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | കുടുംബശ്രീ സാമ്പത്തിക സാക്ഷരതാ പ്രചരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. ത്രിതല സംഘടനാ സംവിധാനങ്ങളെ കേന്ദ്രീകരിച്ച് ആർബിഐ, എസ്എൽബിസി, ലീഡ് ബാങ്ക്, ഫൈനാൻഷ്യൽ ലിറ്ററസി സെന്ററുകൾ, വിവിധ ബാങ്കുകൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായ ഒരു ഫൈനാൻഷ്യൽ ലിറ്ററസി ക്യാമ്പെയിന് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ക്യാമ്പെയിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:-<br>1. ബാങ്കിംഗ് നടപടി ക്രമങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് അയൽക്കൂട്ട അംഗങ്ങൾക്ക് പ്രാഥമിക അറിവും ധാരണയും പ്രദാനം ചെയ്യുക.<br>2. വിവിധ ബാങ്കിംഗ് സേവനങ്ങളെക്കുറിച്ചും അവ ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുക.<br>3. സ്വകാര്യ ധന ഇടപാടു സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അമിത പലിശയ്ക്ക് വായ്പ എടുക്കുന്നതിന്റെ ദോഷഫലങ്ങൾ മനസ്സിലാക്കികൊടുക്കുക.<br>4. ബാങ്കുകൾ, അയൽക്കൂട്ടങ്ങൾ, സിഡിഎസ്സുകൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന വായ്പകളുടെ കൃത്യമായ തിരിച്ചടവിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.<br>5. ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തി സുസ്ഥിരമായ സാമ്പത്തിക സ്ഥിതി കൈവരിക്കാൻ അയൽക്കൂട്ടങ്ങളെ പ്രേരിപ്പിക്കുക. |

6. അയൽക്കൂട്ടങ്ങൾക്കായുള്ള ബാങ്കുകളുടെ വിവിധ പദ്ധതികളെ പ്രയോജനപ്പെടുത്തുക.

7. ഋണഭോക്താക്കൾക്ക് ബാങ്കുകളുമായുള്ള പരാതി പരിഹാരത്തിനുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുള്ള അറിവും കഴിവും വികസിപ്പിക്കുക.

8. ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കൽ.

(സി) അനധികൃത സ്ഥാപനങ്ങളിൽ നിന്ന് അമിത പലിശയ്ക്ക് വായ്പയെടുക്കുന്നതിന്റെ ദോഷഫലങ്ങളും പരിഹാര മാർഗ്ഗങ്ങളും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) അനധികൃത സ്ഥാപനങ്ങളിൽ നിന്നും അമിത പലിശയ്ക്ക് വായ്പ എടുക്കുന്നതിന്റെ ദോഷഫലങ്ങളും പരിഹാര മാർഗ്ഗങ്ങളും ബോധ്യപ്പെടുത്തുന്നതിനായി കുടുംബശ്രീ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും അയൽക്കൂട്ട തലത്തിലും ഫൈനാഷ്യൽ ലിറ്ററസി സെന്ററുകളിലെ കൗൺസിലർമാരുടെയും നബാർഡിന്റെയും സഹകരണത്തോടെ പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, ഇതുമായി ബന്ധപ്പെട്ട് ആർബി.ഐ തയ്യാറാക്കിയിട്ടുള്ള ലഘുലേഖകളും പ്രസ്തുത ക്ലാസുകളിൽ വിതരണം ചെയ്തുവരുന്നു.

(ഡി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) കുടുംബശ്രീ, ആഭ്യന്തര വകുപ്പ്, ആർബിഐ, നബാർഡ്, എസ്എൽബിസി, ലീഡ് ബാങ്കുകൾ, വിവിധ ബാങ്കുകൾ, ഫൈനാഷ്യൽ ലിറ്ററസി സെന്ററുകൾ എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പെയിൻ സംഘടിപ്പിക്കുന്നത്. ക്യാമ്പെയിന്റെ ഭാഗമായി കുടുംബശ്രീ സിഡിഎസ് തലത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഫൈനാഷ്യൽ ലിറ്ററസി സെന്ററുകളിലെ കൗൺസിലർമാരുടെ സേവനമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പഞ്ചായത്ത് തലത്തിൽ ക്യാമ്പെയിനുകൾ ആസൂത്രണം ചെയ്യുന്നത് നബാർഡിന്റേയും ലീഡ് ബാങ്കിന്റെയും സഹകരണത്തോടെയാണ്.

സെക്ഷൻ ഓഫീസർ